LIBRARY ARCHIVES Kerala Legislative Assembly

പെരിന്തൽമണ്ണ താലൂക്കിലെ വടക്കാങ്ങര വില്ലേജിലുള്ള ഭൂമി

154(4785) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ പെരിന്തൽമണ്ണ താലൂക്കിലെ വടക്കാങ്ങര വില്ലേജിലുള്ള ഭൂമിയിൽ നിന്നും ഇരുപത് സെന്റ് ഭൂമി മക്കരപറമ്പ് പഞ്ചായത്തിന് കൈമാറി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ :

(ബി) ജലവിഭവ വകുപ്പുമന്ത്രിയുടെ തീരുമാനപ്രകാരം വിട്ട് നൽകിയ പ്രസ്തുത ഭൂമി നടപടിക്രമങ്ങൾ പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമി മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് പതിച്ചുനൽകുന്നതിനുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ 21-8-2014-ൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി 22-12-2000-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) 387/2000/റവ. പ്രകാരം ഇറിഗേഷൻ ഭൂമി റവന്യൂ ഭൂമിയാക്കി മാറ്റുന്ന നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭരണാനുമതിയുൾപ്പെടെ 22-12-2000-ലെ ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം വ്യക്തമായ പ്രൊപ്പോസൽ സമർപ്പിക്കാൻ 5-11-2014-ലെ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അപേക്ഷകളുടെയും രസീതുകളുടെയും ലളിതവൽക്കരണം

155(4786) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഐ.സി.ബാലകൃഷ്ണൻ :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ അപേക്ഷകൾ, രസീതുകൾ എന്നിവ ലളിതവൽക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇത് മുഖേന ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ?